# യേശുവിന്റെ രണ്ടാം വരവ്

## JESUS' SECOND ADVENT

യേശു ആളത്വേന ഭൂമിയിലേക്ക് മടങ്ങി വന്ന് താൻ വസിക്കുന്ന സ്വർഗ്ഗത്തിൽ ശിഷ്യന്മാരും തന്നോടുകൂടെ ആയിരിക്കേണ്ടതിന് അവരെ കൂട്ടിച്ചേർക്കുമെന്ന് യേശു തന്റെ ശിഷ്യന്മാർക്ക് വാഗ്ദത്തം ചെയ്തിട്ടുണ്ട് (യോഹ.14:3; 17:24).

യേശുവിന്റെ രണ്ടാം വരവിനു മുമ്പ് ലോകത്തെ മനംതിരിക്കുക എന്ന ഉദ്ദേശ്യം ദൈവത്തിനില്ലായിരുന്നു. എന്നാൽ അതിലും ഉപരിയായി ലോകത്തിന്റെ അനുഗ്രഹത്തിനും ന്യായവിധിക്കും മനംതിരിവിനും വേണ്ടി ആയിരം ആണ്ടു രാജ്യ ഭരണകാലത്ത് യേശുവിനോടുകൂടെ ഈ ഭൂമിയിൽ വാഴുന്നതിന് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്ന് (വെളി.5:9,10) തന്റെ നാമത്തിനായി ഒരു ജനത്തെ എടുത്തു കൊൾവാൻ (അപ്പൊ. 15:14) ദൈവം പ്രസാദിച്ചു (അപ്പൊ. 17:31; വെളി. 3:21; 20:4,6; മത്താ. 19:28;1 കൊരി.6:2).

യേശു തന്റെ രണ്ടാം വരവിൽ വലിയ ശക്തി ധരിച്ച് വാഴ്ച ആരംഭിക്കുമ്പോൾ മനുഷ്യർ കോപിഷ്ടരും മനംതിരിയാത്തവരും ആയിരിക്കും. മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം (യഥാർത്ഥ സുവിശേഷം - ഗ്രീക്കു മൂലത്തിലെ സൂചന) കണ്ടെത്തുമോ? (ലൂക്കൊ.18:8; 1 തിമൊ.4:1; 2 തിമൊ. 3:1-8,13; 2 പത്രൊ. 3:3,4; സങ്കീ.2; വെളി. 2:26,27;11:17-19; 19:11-21).

യേശു തന്റെ ഒന്നാം വരവിൽ തന്റെ പൂർണ്ണ മനുഷ്യജീവനെ ആദാമിനും തന്റെ കടി പ്രദേശത്ത് അന്തർഭവിച്ചിരുന്ന വർഗ്ഗത്തിനും വേണ്ടി ഒരു മറുവില (തുല്യവില)യായി ബലി അർപ്പിക്കുകയും (മത്താ. 20:28; മർക്കൊ. 10:45; റോമ. 5:12-21; 1 തിമൊ. 2:5,6; ഹോശ. 13:14) സഭയ്ക്കുവേണ്ടി ദിവ്യ പ്രകൃതിയിലേക്കു അഥവാ അമർത്യ ജീവനിലേക്കു ഒരു പുതിയ ജീവവഴി തുറക്കുകയും ചെയ്തു (യോഹ. 14:1-6; 2 തിമൊ. 1:10; എബ്രാ. 3:1; 10:19,20; 2 പത്രൊ. 1:4).

യേശുവിന്റെ രണ്ടാം വരവിലെ ആയിരമാണ്ടു കാലഘട്ടത്തിൽ തന്റെ മണവാട്ടിയായ തിരഞ്ഞെടുക്കപ്പെട്ട സഭയേയും (1 കൊരി.15:50-54; 1തെസ്സ. 4:15-17; 2തിമൊ.4:8) അവളുടെ തോഴിമാരായി കന്യകമാരായ മഹാപുരുഷാരത്തേയും (സങ്കീ. 45:14,15; വെളി.7:9-17) തിരഞ്ഞെടു ക്കപ്പെട്ടവരിൽ ശേഷിക്കുന്നവരേയും (സങ്കീ. 45:16; യെശ. 32:1; ലൂക്കൊ. 13:28) അവൻ ഒന്നാമതായി ഉയർത്തുകയും അതിനുശേഷം ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതൊക്കെയും യഥാസ്ഥാനത്താകുന്ന കാലത്ത് തിരഞ്ഞെടുക്കപ്പെടാത്തവരായ (മരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പ് ഉൾപ്പെടെ - യോഹ. 5:28,29; ദാനി.12:2) ശേഷം മനുഷ്യവർഗ്ഗത്തെ (ശേഷിക്കുന്നവരെ) മുഴുവനും അനുഗ്രഹിക്കും (അപ്പൊ. 3:19-24; 15:16,17; യെശ. 35).

ക്രിസ്തുവിൽ കൂട്ടവകാശികളായ സഭ അബ്രഹാമ്യസന്തതിയുടെ ഭാഗമെന്ന നിലയിൽ ആസന്നമായ യഥാസ്ഥാപന കാലങ്ങളിൽ

ഇച്ഛിക്കുന്നവനെല്ലാം ജീവജലം സൗജന്യമായി കൊടുത്തുകൊണ്ട് സർവ്വ ഭൂഗോത്രങ്ങളേയും അനുഗ്രഹിക്കുന്നതിൽ തന്റെ സഹായികളായിരിക്കും (റോമ. 8:17; ഉല്പ. 12:3; 22:18; അപ്പൊ. 3:25; ഗലാ.3:8,16,29; വെളി. 22:17).

യേശു എല്ലാവർക്കും വേണ്ടി മരണം ആസ്വദിച്ചിരിക്കകൊണ്ടും മഹാസന്തോഷത്തിൻ സദ്വർത്തമാനം സർവ്വ മനുഷ്യർക്കും വേണ്ടി ആകകൊണ്ടും നിത്യജീവൻ പ്രാപിക്കേണ്ടതിന് ആദാമ്യ വർഗ്ഗത്തിൽ ആർക്കും രണ്ടാമതൊരവസരം ദൈവംകൊടുക്കാത്തതുകൊണ്ടും ഈ ആയുസിൽ അല്ലെങ്കിൽ യഥാസ്ഥാപന കാലങ്ങളിൽ നിത്യജീവനായുള്ള പൂർണ്ണ അവസരം അവൻ എല്ലാവർക്കും കൊടുക്കുന്നു (എബ്രാ. 2:9; ലൂക്കൊ. 2:10,32; 3:6; യോഹ. 1:9,29; 12:32; 1 തിമൊ. 4:10; 1 യോഹ 2:2).

ക്രിസ്തു സകല ശത്രുക്കളേയും കാൽക്കീഴാക്കുവോളം (തന്റെ സഹസ്രാബ്ദഭരണകാലത്ത്) വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട് നീങ്ങിപ്പോകേണ്ടത് (ആദാമ്യ) മരണമാണ് (1 കൊരി. 15:24-26; വെളി. 21:4).

ലോകത്തിന്റെ ജീവനുവേണ്ടി യേശു ജഡത്തിൽ മരണശിക്ഷ അനുഭവിച്ചു (യോഹ. 6:51). എന്നാൽ അവൻ മരിച്ചവരിൽ നിന്ന് പുനരുത്ഥാന പുത്രനായി ഉയർത്തപ്പെട്ടത് മനുഷ്യനായിട്ടല്ല ഒരു ആത്മജീവിയായിട്ടാണ് (1കൊരി. 15:20; കൊലൊ. 1:18; 1 പത്രൊ. 3:18; 1 കൊരി. 15:45,50; 2 കൊരി. 3:17;5:16). ദൂതന്മാരേക്കാൾ ഏറ്റം ഉന്നതനായിട്ട് (എഫെ 1:20-22; ഫിലി 2:8-11) യഥാർത്ഥത്തിൽ ദൈവത്തിന്റെ തത്വത്തിന്റെ മുദ്രയായിട്ട് (എബ്രാ.1:3-5), മനുഷ്യനേത്രങ്ങൾക്ക് അദൃശ്യനായിട്ട് (മനുഷ്യരാരും കണ്ടിട്ടില്ലാത്തവനും കാണ്മാൻ കഴിയാത്തവനും) കാറ്റൂതുന്നതുപോലെ വരികയും പോകുകയും ചെയ്യാൻ കഴിവുള്ളവനായിട്ടായിരുന്നു അവന്റെ പുനരുത്ഥാനം (1തിമൊ.6:16;1:17; യോഹ.1:18;5:37; യോഹ.3:6,8).

അത്മജീവികൾ സാധാരണഗതിയിൽ മനുഷ്യനേത്രങ്ങൾക്ക് അദൃശ്യരാണെങ്കിലും അവർക്ക് മനുഷ്യശരീരം സ്വീകരിച്ച് പ്രത്യക്ഷപ്പെടാനും പിന്നീട് അതുപേക്ഷിച്ച് അപ്രത്യക്ഷരാകാനും കഴിയും. അബ്രഹാമിനും ഗിദയോനും മറ്റും ദൈവദൂതന്മാർ പ്രത്യക്ഷപെട്ടത് ഇതിന് ഉദാഹരണങ്ങളാണ് (ഉല്പ. 18:2; ന്യായാ.6:12,21).

യേശു ഇതുപോലെ പുനരുത്ഥാനശേഷം ഒരു ആത്മജീവി എന്ന നിലയിൽ തന്റെ ശിഷ്യന്മാർക്ക് വ്യത്യസ്ഥ ജഡശരീരങ്ങളിലും വിധത്തിലും (മർക്കൊ.16:12) യോജിച്ച വസ്ത്രം സൃഷ്ടിച്ചു ധരിച്ചുകൊണ്ട് പ്രത്യക്ഷനായിട്ടുണ്ട്. അവന്റെ വസ്ത്രങ്ങൾ പടയാളികൾ പങ്കിട്ടെടുത്തിരുന്നു - മത്താ. 27:35). ഉദാഹരണത്തിന് :- ഒരിക്കൽ തോട്ടക്കാരനായിട്ടും (യോഹ. 20:11-18). മറ്റൊരിക്കൽ ഒരു അപരിചിതനായ വഴിയാത്രക്കാരനായിട്ടും (എമ്മവുസിലേക്ക് പോയ ശിഷ്യന്മാർ അവൻ അവരുടെകൂടെ അപ്പം മുറിച്ചപ്പോൾ മാത്രമാണ് അവനെത്തിരിച്ചറിഞ്ഞത്. അതിനുശേഷം അവൻ എടുത്ത ജഡശരീരം മൂലപദാർത്ഥങ്ങളിലേക്കു ലയിപ്പിച്ച് അപ്രത്യക്ഷനായി - ലൂക്കൊ.24:13-35). പിന്നീട് ഒരിക്കൽ കൈകാലുകളിൽ ആണിപ്പാടുകൾ ഉള്ളവനായിട്ടും (യോഹ. 20:25-29) വേറെ സന്ദർഭത്തിൽ മീൻ ചോദിച്ചുകൊണ്ടും പ്രത്യക്ഷനായി (യോഹ. 21:1-14; മത്താ. 28:16,17).

യഹൂദന്മാരെ ഭയന്ന് വാതിൽ അടച്ച് ശിഷ്യന്മാർ സമ്മേളിച്ചിരുന്ന മുറിക്കുള്ളിൽ പ്രവേശിക്കുവാൻ യേശുവിനു കഴിഞ്ഞു. ഒരു ആത്മജീവി ആയിരുന്നതുകൊണ്ടു മാത്രമാണ് ഇങ്ങനെ സാധിച്ചത്. മുറിക്കുള്ളിൽ

പ്രവേശിച്ച ശേഷം തൽക്കാല സൃഷ്ടമായ ഒരു ജഡശരീരത്തിൽ അവൻ പ്രത്യക്ഷനായി (അബ്രഹാമിന്റെ നാളുകളിൽ എന്നപോലെ ആവൻ ഭൗമീകാഹാരം കഴിച്ചു -ഉല്പ.18:8). തന്റെ ശരീരം സ്പർശിച്ചു നോക്കുവാൻ അവൻ അവരെ അനുവദിച്ചുകൊണ്ട് ഭൂതത്തിന് (പുനരുത്ഥാനം മുതൽ താൻ ആയിരിക്കുന്ന പ്രകാരമുള്ള ഒരു ആത്മജീവിക്ക് 2കൊരി.3:17) എന്നിൽ കാണുന്നതുപോലെ അസ്ഥിയും മാംസവും ഇല്ലല്ലോ (അവർക്ക് പ്രത്യക്ഷനാകുമ്പോൾ വ്യക്തമായി കാണുന്നതിനു വേണ്ടി അവൻ സൃഷ്ടിച്ച അസ്ഥിക്കും മാംസത്തിനും വസ്ത്രത്തിനും മറ്റും അടഞ്ഞു കിടക്കുന്ന മുറിയുടെ വാതിലിൽക്കൂടെയോ ഭിത്തിയിൽക്കൂടെയോ അപ്പുറം കടക്കുവാൻ കഴിവുള്ളതല്ല. എന്നാൽ ഇത് ഒരു ആത്മജീവിക്ക് സാധിക്കുന്നതാണ് - യോഹ.3:8) എന്നു പറഞ്ഞു. ജഡം എടുക്കുന്നതിനു മുമ്പ് തന്നെ തന്റെ സാന്നിധ്യം അവരുടെകൂടെ ഉണ്ടായിരുന്നു എന്ന് അവൻ അങ്ങനെ തെളിയിച്ചു (യോഹ.20:19–23; ലൂക്കൊ. 24:36–48).

യേശു ശൗലിനു പ്രത്യക്ഷനായപ്പോൾ ജഡശരീരം എടുത്തില്ല. അവന്റെ ആത്മശരീരത്തിൽ നിന്നു പുറപ്പെട്ട പ്രഭാപൂരം (ഫിലി.3:21) ശൗലിനെ അന്ധനാക്കി. അവന്റെ കാഴ്ച ഭാഗികമായി വീണ്ടെടുക്കുവാൻ പിന്നീട് ഒരു അത്ഭുതപ്രവൃത്തി തന്നെ ആവശ്യമായി വന്നു (അപ്പൊ. 9:1–18; 2 കൊരി.12:7; ഗലാ.4:13–15).

യേശുവിന്റെ രണ്ടാം വരവിന്റെ ആദ്യഘട്ടമായ പറൂസ്യാ (സാന്നിധ്യം) ലോകത്തിന് അജ്ഞാതമായ ഒരു രഹസ്യമായിരിക്കും. രാത്രിയിൽ ഒരു കള്ളൻ എന്നപോലെ ആയിരിക്കും ഇത് (വെളി. 16:15; ലൂക്കൊ. 21:34–36; 2 പത്രൊ 3:10; ലൂക്കൊ 17:26–30; മത്താ. 24:37–39). ഗ്രീക്കുമൂലത്തിൽ സാന്നിധ്യം എന്ന അർത്ഥമുള്ള പറൂസ്യാ എന്ന വാക്ക് വരവ് എന്ന് ഇവിടെ തെറ്റായിപരിഭാഷപ്പെടുത്തിയിരിക്കുന്നു. എന്നാൽ ദൈവത്തിന്റെ സത്യജനങ്ങൾ വേദകാലക്കണക്കുകൾ മൂലവും ധാരാളമായ പ്രവചന നിവൃർത്തികളും കാലലക്ഷണങ്ങളും വഴിയായും ഇതേക്കുറിച്ച് അറിവുള്ളവരാണ് (1 തെസ്സ. 5:1–5).

ലോകത്തിനു ദുർഗ്രാഹ്യവും തന്റെ യഥാർത്ഥ ശിഷ്യന്മാർക്കു മാത്രം മനസിലാകുന്നതുമായ വിധത്തിൽ യാതൊരു വലിയ ബാഹ്യപ്രകടനവും കൂടാതെ ശാന്തമായി സ്വർഗ്ഗാരോഹണ സമയത്ത് (അപ്പൊ. 1:11) അവൻ വേർപെട്ടുപോയ അതേപ്രകാരത്തിൽ അവൻ വരുന്നു. (അവൻ വേർപെട്ടുപോയ അതേ പ്രകാരത്തിൽ എന്നല്ലാതെ അതേ രൂപത്തിൽ എന്നോ അതേ ശരീരത്തിൽ എന്നോ അവന്റെ വരവിനെക്കുറിച്ച് ഈ വാക്യം അർത്ഥമാക്കുന്നില്ല എന്നു നാം കുറിക്കൊള്ളേണ്ടതാകുന്നു).

ഇനി അല്പകാലം കഴിഞ്ഞിട്ടു ലോകം എന്നെ കാണുകയില്ല എന്നു യേശു തന്റെ ക്രൂശീകരണത്തിനു മുമ്പ് പറഞ്ഞു (യോഹ.14:19). അതുകൊണ്ട് ലോകം തങ്ങളുടെ ജഡകണ്ണുകൾകൊണ്ട് അവനെ ഇനി ഒരിക്കലും കാണുകയില്ല. എപ്പിഫാനിയ (പ്രത്യക്ഷത) അല്ലെങ്കിൽ അപ്പോകാലുപ്സിസ് (വെളിപ്പെടൽ) എന്നു ഗ്രീക്കിൽ പറയുന്നതായ തന്റെ രണ്ടാം വരവിന്റെ രണ്ടാം ഘട്ടത്തിൽ അവൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘങ്ങളിൽ (മഹാകഷ്ടകാലത്തെ തീവ്രയാതനകളിൽ ) വരുന്നത് അവർ തങ്ങളുടെ മാനസ്സിക ദൃഷ്ടികൾകൊണ്ടാണ് കാണുന്നത് (ലൂക്കൊ. 21:27; മത്താ. 24:21,30).

യേശു തന്റെ രണ്ടാം വരവിൽ ലോകത്തിനു വെളിപ്പെടുത്തുന്നത് അവസാനമായി ഏതു കണ്ണും അവനെകാണും (സാത്താന്റെ

സാമ്രാജ്യത്തിന്റെ നാശത്തിലും ഭൂമിയിലെ അവന്റെ രാജ്യസ്ഥാപനയിലും കൂടെ അവന്റെ സാന്നിദ്ധ്യത്തെയും ശക്തിയേയും അധികാരത്തേയും മനസിലാക്കുക വഴി മാനസികമായി അവനെ തിരിച്ചറിയും) എന്നു പറഞ്ഞിരിക്കുന്ന പ്രകാരമാണ് (2 തെസ്സ.1:7,8; വെളി.1:7).

വലിയജ്ഞാനവർദ്ധനവ്, സഞ്ചാരവേഗത, മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഉപദ്രവകാലം മുതലായവ വേദപ്രവചനങ്ങളുടേയും കാലക്കണക്കുകളുടേയും കാലലക്ഷണങ്ങളുടേയും വെളിച്ചത്തിൽ കാണിക്കുന്നത് നാം ജീവിക്കുന്നത് അന്ത്യകാലത്ത് ആണെന്നാണ് (ദാനി. 12:1,4,9,10; ലൂക്കൊ. 21:25–27; യാക്കോ. 5:1–8). ദാനിയേൽ പ്രവചനത്തിലെ വലിയ ബിംബത്തിന്റെ പാദങ്ങളാൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തെ ഭൗമിക ഗവൺമെന്റുകളാകുന്ന ഈ രാജാക്കന്മാരുടെ കാലത്ത് ദൈവം സാത്താന്യ സാമ്രാജ്യത്തെ തകർത്തു നശിപ്പിക്കുകയും തന്റെ നീതിയുള്ള ഭരണം ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്യും (ദാനി. 2:35,44; സങ്കീ. 46; സെഫ. 1:15–18; 3:8,9; 2 പത്രൊ. 3:7–13).

രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും (ഇത് അവരെ മനം തിരിക്കുന്നില്ലെങ്കിലും). ഇവിടെയാണ് യുഗാവസാനം (മത്താ. 24:14; 13:39).

യേശുവിന്റെ രണ്ടാം വരവിനേയും അവന്റെ സമാധാന ഭരണത്തേയും സൂചിപ്പിക്കുന്ന അനേക ലക്ഷണങ്ങളിൽ ഒന്ന് യിസ്രായേലിന്റെ സ്വദേശത്തേക്കുള്ള തിരിച്ചു വരവാണ്. അവർ തങ്ങളുടെ മിശിഹായെ അംഗീകരിക്കുകയും അതുവഴി തങ്ങളും ലോകജനതയും വലിയ അനുഗ്രഹങ്ങൾക്കു പാത്രീഭൂതരാകുകയും ചെയ്യുന്നതിനുള്ള പ്രാരംഭ നടപടിയാണിത് (സെഖ. 8;12:9,10;14:16–21; മത്താ.23:39; യെശ.2:2–4; യിരെ. 23:5–8; 24:6,7; 30:7–11, 18–24; 31:8–12,27–34; ആമോ.9:11–15; റോമ.11:25–29).

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദ സത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യ മായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |



Visit us at: **www.biblestandardindia.com** (For private circulation only)